File Ref.No.70076/CDOE-A-ASST-2/2018/Admn

**UNIVERSITY OF CALICUT**

**Abstract**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ- തപാൽ നിരക്ക് ₹50 -ൽ നിന്നും ₹60 ആക്കി പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**Centre for Distance and Online Education**

U.O.No. 8970/2026/Admn — Dated, Calicut University.P.O, 27.06.2026

---

*Read:*-1) 14.10.2019 തീയതിയിലെ 1191/2019/PB നമ്പർ സർവകലാശാല ഉത്തരവ്
2) 31.10.2025 തീയതിയിലെ 15140/2025/Admn നമ്പർ സർവകലാശാല ഉത്തരവ്
3) 31.10.2025 തീയതിയിലെ 230987/PLD-DES-SO/2025/Admn നമ്പർ സർക്കുലർ
4) 30.04.2026 തീയതിയിലെ 1040/2026/PB നമ്പർ സർവകലാശാല ഉത്തരവ്
5) 26.05.2026 തീയതിയിലെ 7731/2026/Admn നമ്പർ സർവകലാശാല ഉത്തരവ്
6) ഇതേ ഫയലിൽ ബഹ: വൈസ് ചാൻസലറുടെ 18.06.2026 തീയതിയായ ഉത്തരവ്

**ORDER**

1. പരീക്ഷാസംബന്ധമായ ഫീസുകളും ചാർജ്ജുകളും ഓരോ അധ്യയന വർഷവും 5% വീതം വർധിപ്പിച്ച് പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുന്നതിനനുസൃതമായി പരീക്ഷാഭവനിൽ നിന്നുള്ള ആശയവിനിമയങ്ങൾക്കുള്ള തപാൽ ചാർജ് കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതില്ലെന്ന് സൂചന (1) സർവകലാശാല ഉത്തരവിനെ മുൻനിർത്തി സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ (CDOE) തപാൽ നിരക്ക് പരീക്ഷാഭവനിൽ നിശ്ചയിച്ചിരുന്ന തപാൽ നിരക്കുമായി ഏകീകരിച്ച് ₹50 രൂപയായി നിജപ്പെടുത്തി സൂചന (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഇപ്രകാരം സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ (CDOE) ഈ അധ്യയന വർഷത്തേക്കുള്ള ഫീസുകളും ചാർജ്ജുകളും സൂചന (5) പ്രകാരം പരിഷ്കരിച്ചപ്പോൾ തപാൽ ചാർജ് ₹50 ആയി തന്നെ നിശ്ചയിച്ചിരുന്നു.

2. തപാൽ വകുപ്പ് നൽകിയിരുന്ന രജിസ്റ്റേർഡ് പോസ്റ്റ്, രജിസ്റ്റേർഡ് പാർസൽ സേവനങ്ങൾ സ്പീഡ് പോസ്റ്റ് സേവനവുമായി ലയിപ്പിച്ച് നിലവിൽ നൽകിയിരുന്ന രജിസ്റ്റേർഡ് പോസ്റ്റ് സേവനം നിർത്തലാക്കിയതായും ഈ സാഹചര്യത്തിൽ വിലാസങ്ങളിലേക്ക് പ്രത്യേക ഡെലിവറി ആവശ്യമുള്ള ഉപഭോക്താക്കൾക്ക് സ്പീഡ് പോസ്റ്റിനു കീഴിലുള്ള മൂല്യവർദ്ധിത സേവനമായി രജിസ്ട്രേഷൻ സൗകര്യം തുടർന്ന് പ്രയോജനപ്പെടുത്താം എന്നുള്ള തപാൽ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഭവനിൽ നിന്നുള്ള തപാൽ ചാർജിന്റെ നിരക്ക് സൂചന (4) പ്രകാരം 50 രൂപയിൽ നിന്ന് 60 രൂപ ആയി പുതുക്കി നിശ്ചയിക്കുകയും, അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമായി സ്പീഡ് പോസ്റ്റ് സേവനം പരിമിതപ്പെടുത്തുവാനും സാധാരണ തപാൽ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് സൂചന (3) പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

3. മേൽ വിശദാംശങ്ങൾ സമൂലമായി പരിശോധിച്ച് സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ (CDOE) നിലവിൽ ഈടാക്കി വരുന്ന തപാൽ നിരക്ക്, ₹50/- ൽ നിന്നും പരീക്ഷാഭവനിലെ തപാൽ നിരക്കുമായി ഏകീകരിച്ച് ₹60 രൂപയായി പുതുക്കി നിശ്ചയിക്കാൻ ബഹ: വൈസ് ചാൻസലർ സൂചന (6) പ്രകാരം അനുമതി നൽകിയിരിക്കുന്നു.

4. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Sunil C.N

Assistant Registrar

To

ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

പകർപ്പ് : വൈസ് ചാൻസലറുടെ പി.എസ് / രജിസ്ട്രാറുടെ പി.എ. / ഫിനാൻസ് ഓഫീസറുടെ പി.എ. / പരീക്ഷാ കൺട്രോളറുടെ പി.എ. / സുവേഗ / സി.ഡി.ഒ.ഇ സെക്ഷനുകൾ / കെ.എസ്.എ.ഡി. / കരുതൽ ഫയൽ.

Forwarded / By Order

Section Officer